# ഞ
# ങ്ങളുകൾ

GHSS

KOTTATHARA



# കാറ്റ്

മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ...
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ
എങ്ങുമേ കാണുവാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്നു നീയെൻ കവിളിൽ...
ഒന്നെന്റെ കണ്മുന്നിൽ വന്നുകൂടേ
ഒന്നിച്ചൊരൽപ്പം കളിച്ചുകൂടേ...
[മുല്ലപ്പൂ]
നിന്മുഖം കാണുവാനെത്ര നാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ...
എങ്ങുമേ കാണുവാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്നു നീയെൻ കവിളിൽ

# കാത്തിരിപ്പ്

കാത്തിരുന്നു,കാത്തിരു
ന്നു,കാത്തിരുന്നു
എന്റ് ദൈവമേ...
എത്ര എത്ര കാലമായി
കാത്തിരിക്കുന്നു
നിന്നെ ഒന്ന് കാണുവാൻ
നിന്റെ പാദമൊന്ന് ദർശിക്കാൻ
എന്റെ ആഗ്രഹം നീ സാധിച്ചു
തരുമല്ലോ
കാത്തിരുന്നിട്ട് എത്ര കാലങ്ങൾ
ഏറെയായി
കാത്തിരുന്നു,കാത്തിരുന്നു,കാത്തിരുന്നു
എന്റ് ദൈവമേ...
നിന്നെ കാണാൻ എന്റെ ഹൃദയം
എത്ര കാലമായി കൊതിക്കുന്നു..
നീ എന്റെ അരികിൽ
ഉണ്ടായിരുന്നെൻകിൽ
ഞാൻ എത്ര ഭാഗ്യവാനാണ്

കാത്തിരുന്നു,കാത്തിരുന്നു,കാത്തിരുന്നു...
നിന്റെ മിഴിയൊന്ന് കാണുവാൻ
ഞാൻ എത്ര ആഗ്രഹിക്കുന്നു
നീ എന്നെ കാണുവാൻ വാ.. വാ.. വാ..
ഒന്നു വരുമോ നീ എന്റെ അരികിൽ
കാത്തിരുന്നു,കാത്തിരുന്നു,കാത്തി
രുന്നു
എന്റെ ദൈവമേ..

## കാട്ടുപൂവ്

ചിതറിത്തെറിക്കുന്ന
ചിന്തകളിൽ
എപ്പോഴും
നിന്റെയീ പുഞ്ചിരിയൊന്നുമാത്രം
മഴവില്ലു പോലെ നീ മനസ്സിൽ
തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങൾ
[2]
കൃഷ്ണ തുളസസി കതിർത്തുമ്പു
മോഹിക്കും

നിന്റെയീ
വാർമുടിച്ചുരുളിലെത്താൻ..
പൂഞ്ചെക്കടുക്കാത്ത പൂവായ
ഞാനും
മോഹിച്ചീടുന്നു നിന്നരികിലെത്താൻ
മണമില്ല മധുമില്ല പൂഞ്ചെക്കടുക്കില്ല
താനെ വളർന്നൊരു കാട്ടുപൂവാണു
ഞാൻ...
വിടരും മപമ്പേ പൊഴിയുന്ന ഇതളുള്ള
പൂഞ്ചെക്കടുക്കാത്ത കാട്ടുപൂവാണു
ഞാൻ

[ചിതറിത്തെറിക്കുന്ന]



# അമ്മ

മക്കളായ് നാലുപേരുണ്ടെന്കിലും
അമ്മ ഏകയാണേകയാണീ
ഊഴിയിൽ...
അച്ഛൻ മറഞ്ഞൊരു കാലം
മുതൽക്കമ്മ
ഭാരമായ് തീർന്നുവോ
നാലുപേർക്കും?
നാഴരിമണ്ണും പകുത്തെടുത്ത് മക്കൾ
നാലുവഴിക്കായ് പിരിഞ്ഞു പോയി
അച്ഛന്റെയാത്മാവുറങ്ങുന്ന
മണ്ണിലന്നന്തിത്തിരി കൺതുറന്നില്ല
ഉള്ളം തുളുമ്പുന്നൊരോർമ്മകൾ
നോവിന്റെയാഴം
പെരുക്കിച്ചിതയെരിച്ചു
ദുഃഖം പോലെ
അമ്മയെക്കണ്ടൊരാ
മക്കൾ മടന്നു മറയുന്നതും നോക്കി
നെഞ്ചുപൊളിഞ്ഞമ്മ നീറി നിന്നു
ചെല്ലക്കഥകൾ നുകർന്നു
രസിച്ചൊരാ
പേരക്കിടാവോടിവന്ന നേരം

ശാസിച്ചു നിർത്തി
മരുമകളെന്കിലും
മുത്തശ്ശിക്കൊപ്പമൊന്നോടിയെത്താൻ
കൈനീട്ടി നിന്നു കരഞ്ഞു പൈതൽ
അന്യയായമ്മുമ്മ നൊന്തു നിൽക്കെ
വിങ്ങിനുറുങ്ങിയോ കുഞ്ഞിൻ മനം
നിർമ്മലൻ ബാല്യമേ നിന്നിൽ
പകനട്ടോരച്ഛനും അമ്മയും എന്ത്
നേടി...

# ഒരു കവിത ക്രൂടി

ഒരു കവിത ക്രൂടി
ഞാൻ എഴുതി വെയ്ക്കാം
എന്റെ കനവിൽ നീ
എത്തുമ്പോൾ
ഓമനിയ്ക്കാൻ..
ഒരു മധുരമായെന്നും
ഓർമ്മ വെയ്ക്കാൻ..
ചാരുഹൃദയാഭിലാഷമായ്
കരുതി വെയ്ക്കാൻ
ഒരു കവിത ക്രൂടി ഞാൻ
എഴുതി വെയ്ക്കാം
എന്റെ കനവിൽ നീ
എത്തുമ്പോൾ
ഓമനിയ്ക്കാൻ..

# അവസാന ശ്വാസം

ജീവിച്ചു കൊണ്ട് ഞാൻ
എഴുതുകയാണ്
ജീവിക്കാൻ
കഴിയാത്തവരുടെ
വാക്കുകൾ
വരച്ചിടുകയാണ്
ഞാനെന്ന രണ്ടക്ഷരത്തെ
പേനയിലെ മഷി തീരും
വരെ
വിളക്കിലെ വെളിച്ചം
അണയും വരെ
എൻെറ ശ്വാസം നിലയ്ക്കും
വരെ
ഞാൻ എഴുതും
ഞാൻ പോരാടും
എന്ന്...,
അവസാനത്തെ തുള്ളി
മഷി..



# മഴ

നടുവഴികളിലൂടെ
തെന്നിത്തെറിച്ച് തോടുകളിൽ
പോയി നിറഞ്ഞ്
അവിടുന്നൊഴുകി പുഴയെ പുൽകി
പിണങ്ങി പിരിഞ്ഞ് കടലിനെ
പ്രണയിച്ച്
കടലിനോട് ചേർന്ന് ലയിച്ച്
തിരകളാൽ നൃത്തം ചെയ്യുമ്പോൾ
എപ്പോഴാ
വിരഹവേദന മാടി
വിളിച്ചതിന്റെ ബാക്കിയായ

ബാഷ്പങ്ങളെ
സൂര്യതാപനത്തിന്
സമ്മാനിച്ച്
മേഘങ്ങൾക്കിടയിലൊളിച്ചിട്ട്
വീണ്ടും ഭൂമിയെ
ചുംബിക്കാൻ
ഓടിയെത്തുന്നവൾ നമ്മുടെ
മഴ

## കടങ്കഥ

1.അമ്മയെ കുത്തി മകൻ മരിച്ചു ?
A.തീപ്പെട്ടി
2.അമ്മ കല്ലിലും മുള്ളിലും മകൾ കല്യാണ പന്തലിലും ?
A.വാഴയും വാഴപഴവും
3.ആയിരം പോലീസിനെ ഒരു ബെൽറ്റ് ഇട്ടു പൂട്ടി
A.ചൂൽ
4.ഒരമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം ?
A.കട്ടുറുമ്പ്
5.അരിവയ്ക്കും മുൻപേ കറിവയ്ക്കും ?
A.ചീര
6.അകം എല്ലും തോലും പുറം പൊന്തും പൊന്തും
A.വൈക്കോൽത്തുറു
8.അകത്തിരിപ്പോനെ പുറത്ത്കാട്ടും കണ്ണാടി ?

A.മുഖം

10.മുറ്റത്തെ ചെപ്പിന് അടപ്പില്ല ?

A.കിണർ

11.കാള കിടക്കും കയറോടും ?

A.മത്തൻവള്ളി

12.കാട്ടിനുള്ളിലെ ഒരു തുള്ളി ചോര ?

A.മഞ്ചാടി

13.കാട്ടിനുള്ളിൽ ഒരാൾ കുട ചൂടിയിരിക്കുന്നു ?

A.കൂണ്

14.അനുജത്തി ചോന്നിട്ട് ഏട്ടത്തി പച്ചപ്പ്,മൂത്തേച്ചി മഞ്ഞച്ച് ?

A.ഇല

15.അഴിയെറിഞ്ഞ അമ്പലത്തിൽ കിളിയിരുന്നു

A.നാവ്

16.അടി പാറ,നട് വടി,തല കാട് ?

A.ചേന

17.കൊമ്പിൻമേൽ തുളയുള്ള കാള ?

A.കിണ്ടി

18.അകത്തേക്ക് പോകുമ്പോൾ പച്ച,പുറത്തേക്ക് വരുമ്പോൾ ചുവപ്പ് ?

A.വെറ്റില മുറുക്ക്

19.അകത്ത് രോമം പുറത്തിറച്ചി ?

A.മൂക്ക്

20.ചട്ടിത്തലയൻ ചന്തയ്ക്കു പോയി ?

A.തണ്ണിമത്തൻ

# സൗഹൃദം എന്ന കൂട്ടായ്മ

ഒരു കാലത്ത് നമ്മൾ എല്ലാം ഒന്നിച്ചായിരുന്നു നിക്കാറുള്ളത്. പക്ഷേ ഇപ്പോൾ ഈകാലഘട്ടത്തിൽ നാം എന്ത് വന്നാലും നമ്മൾ നമ്മളുടെ കാര്യം മാത്രമാണ് ശ്രദ്ദികാറുള്ളത് പക്ഷേ പണ്ട് കാലങ്ങൾ എന്ത് പ്രശ്ണമുണ്ടായാലും അത് ഒരുമിച്ച് നിന്ന് ആപ്രശ്ണത്തെ ഇല്ലാതാക്കും ആരും കൈ വെടിയുകയില്ലാ. ഇതെല്ലാം വെച്ച് ഞാൻ ചെറുതാകുമ്പോൾ ഒരു വലിയ ഒരു സംഭവം ഉണ്ടായി ആ സംഭവം എനിക്ക് ഒരിക്കലും മറക്കാനാവില്ലാ അത് ഉണ്ടായതിന് ശേഷമാണ് എനിക്ക് സൗഹൃദത്തിന്റെ വില മനസ്സിലായത് അന്ന് തൊട്ട് ഇന്ന് വരെ ഞാൻ ആരോടും തെറ്റിട്ടില്ലാ.

നാം ഒരാളെ മാത്രം ഫ്റണ്ട് ആയി ഒരിക്കാലും കാണാൻ പാടില്ലാ അത് എനിക്ക് മനസ്സിലായ ഒരു കഥ ഞാൻ പറയാം. ഒരു ദിവസം കൂട്ടുകാർ എല്ലാവരും കൂടി ഒരു യാത്ര പോവാൻ വേണ്ടി തിരുസനിച്ചു അങ്ങനെ അവർ എല്ലാവരും ഒരേ പോലെയുള്ള ഡ്രസ് ഒക്കെ എടുത്തു. പക്ഷേ അവരുടെ സൗഹൃദത്തിൽ ഒരു പ്രശ്ണം ഉണ്ടായിരുന്നു. അതിൽ ഒരാൾ മാത്രം ഒരു പാവപ്പെട്ട

വീട്ടിലെ കുട്ടിയായിരുന്നു. അവൾക്ക് അവളുടെ വീട്ടിൽ ഒരു സാധനവും ഇല്ലായിരുന്നു. അവൾക്ക് അവശ്യമായി വരുമ്പോൾ ഇടാൻ ഒരു നല്ല ഡ്രസ് പോലും ഇല്ലായിരുന്നു. അവളെടുത്ത് ഉള്ള ഡ്രസ് കീറിയ ഡ്രസ് ആയിരുന്നു. അവളുടെ കൂട്ടുകാർകെല്ലാം നല്ല പണവും നല്ല വസ്ത്രവും വീടും എല്ലാം ഉണ്ടായിരുന്നു. അവളുടെ  പേര് ഏന്താണെന്നോ? അവളുടെ പേരാണ് പൊന്നു എന്ന് പക്ഷേ അറിയാതെ പൊന്നുവിന്റെ കീട്ടുകാർ അവൾക്ക് നല്ല ഡ്രസ് വാങ്ങിയിരുന്നു. അതൊന്നും പൊന്നുവിന് അറിയില്ലായിരുന്നു. അങ്ങനെ പൊവന്നുവും അവളുടെ കയ്യിലുള്ള പണം വെച്ച് ഡ്രസ് വാങ്ങി. പക്ഷേ ആ പാവം പൊന്നു കടയിൽ പോയി ഡ്രസ് വാങ്ങാൻ നോക്കിയപ്പോൾ ഡ്രസ്സിനെല്ലാം വയക്കര പൈസ ആയിരുന്നു അങ്ങനെ അവളുടെ കയ്യിൽ ഉണ്ടായിരുന്ന പൈസ വെച്ച് അവൾ ഒരു മിടി വാങ്ങി. അതും അവളുടെ സ്ക്കൂൾ യൂണിഫോമായ ഷർട്ടും കൂടി അവൾ ഇട്ട് യാത്ര പോകാൻ വേണ്ടി ഒരുങ്ങി. അപ്പോളാണ് ഒരു അത്ഭുതം ഉണ്ടായത്. അവളുടെ വീട്ടിലെക്ക് പൊന്നു വിന്റെ കൂട്ടുകാരിത്തികൾ വന്നത് പുതിയ ഡ്രസ്

കൊടുത്തു. പിന്നെ അവർ സന്തോശത്തോടെ യാത്ര പോയി വന്നു. ഇതാണ് സൗഹൃദം ഇതിൽ നിന്ന് നമുക്ക് കുറേ കാര്യം മനസ്സിലാകാൻ കഴിയും അല്ലേ.



# പുഴക്കൊരാദരാഞ്ജലി

ഞാനറിയുന്നില്ല  പുഴയിൻ മരണം
ഇവർ നിർത്തുന്ന ഒഴുക്കിനെ
അറിയുന്നില്ലിവർ പുഴയിൻ

നൊമ്പരം
കീറിമുറിക്കുന്നുവിൻ ആ പുഴയെ.
ഇവർ തുണ്ടമാക്കുന്നിവയുടെ
ഹൃദയത്തെ
അടുക്കുന്നിവർ മാലിന്യങ്ങളെ
അറിയാതിവർ നേരുന്നിതാ
പുഴയ്ക്കൊരാദരാഞ്ജലി.
നിർത്തുന്നിവർ പുഴയെ
നിർത്തുന്നു അവയുടെ ജീവനെ
ആക്രമിക്കുന്നിവർ പ്രകൃതിയെ
മരിച്ച് തണുത്തു പോയ പുഴയെ
ഇവർ നേരുന്നു ആദരോഞ്ജലി.
മേഘങ്ങൾ കാക്കുന്നു നോക്കുന്നു
മരിക്കുന്ന പുഴയെ
അറിയുന്നില്ലവർ ഈ
സ്പന്ദനന്ത്യത്തെ.
പ്ലാസ്റ്റിക്കായ മാലിന്യവും
മനുഷ്യൻ ആയുള്ള പ്രവൃത്തികളും
വേരുവിൻ നേരം ഞാൻ നേരുന്നു

# മകളെ....മാപ്പ്

മഴ തോർന്നുതുടങ്ങി.... നേരം ഇരുട്ടിലേക്ക് വഴുന്നു ..അമ്മ പറഞ്ഞു മോളെ അകത്തേക്ക് വാ... പുറത്ത് മിന്നലേറുന്നുണ്ട്. ഞാനെന്റെ കാലുകൾ വീട്ടിന്റെ ഉള്ളിൽ ചലിപ്പിച്ചു. ബാഗിലെ ബുക്കുകൾ അടുക്കിവെച്ചു. അമ്മയോട് വിളിച്ച് ഉറക്കെ പറഞ്ഞു. അമ്മേ... എനിക്ക് കളർ പെൻസിൽ വാങ്ങാൻ പറയണേ...അമ്മ വിളി കെട്ടെക്കിലും ഒന്നും മിണ്ടിയില്ലാ. കാരണം അമ്മക്കറിയായിരിക്കാം അച്ഛൻ വരുന്ന അവസ്ഥ. അമ്മ ഇന്ന് എന്തോ പതിവിനേക്കാൾ നേരത്തെ ഉറക്കി. ഞാൻ ഉറങ്ങിയെക്കിലും പാത്രങ്ങളുടെ വളരെ ഉച്ചത്തിലുള്ള സംസാരം കേട്ട് ഞാള ഞെട്ടി യുണർന്നു. അച്ഛൻ ഇന്ന് കുടിച്ചിട്ടുണ്ട്. അച്ഛന്റെ അമ്മയോടുള്ള പെരുമാറ്റം എന്റെ കൊച്ചുകാലുകൾ കൊണ്ട് നടന്ന് അടുക്കളയിലെത്തി പാത്രം അവിടെയും ഇവിടെയുമായി പാത്രം ചിതറികിടക്കുന്നു. അമ്മ ഇരുകണ്ണുകളും ചുവന്ന കണ്ണീരും കൊണ്ട് വളരെ ദയനിയമായിനിൽകുകയാണ്. എന്റെ കണ്ണുകൾ ഞാൻ അറിയാതെ കണ്ണീരൊലിപ്പിച്ചു, എന്നാനുവാദം പോലും വാങ്ങാതെ. ഞനെന്റെ അച്ഛനെ കണ്ടു. കണ്ണുചുവന്ന് മുഴുവൻ വിയർത്ത് അമ്മയോട് ദേഷ്യപെട്ട്കൊണ്ടിരികുന്നു. എന്റെ കാൽചുവടുകൾ പതിയെ മുറിയിലേക്കുനീങ്ങി.

കരയണമെന്നുണ്ട് എന്നാൽ കരഞ്ഞാലവർ

അറിയും. അമ്മയുടെ നേരെ വരുന്ന പല സാധനങ്ങളും അമ്മ ദയനീയമായി കരഞ്ഞുകൊണ്ട് നേരിടുന്നു എന്തെന്ന് അറിയില്ലാ, അമ്മ തിരിച്ചൊന്നും ചെയ്യാതിരികുന്നതെന്ന്. ഞാൻ കിടകയിൽ ചെന്ന് തലയണ പൊത്തിപിടിച്ച് കരഞ്ഞു. ആരും അറിയാതെ, ശ്രോദാക്കളില്ലാതെ. നാനെന്റെ നനഞ്ഞ കണ്ണുകൾ ചിമ്മിതുടങ്ങി. പിന്നീട് അത് ഒരു ഉറക്കിലേക്ക് വഴിതെളിച്ചു. ഞാനെന്റെ മിഴികൾ തുറന്നു. ചുറ്റും ശാന്തത, ശാന്തതയുടെ ഇരുളെന്ന പോലെ അമ്മയുടെ അടുത്തെക്ക് ചെന്നു. അമ്മ ഉറങ്ങിയിട്ടില്ലാ, എന്ന് അമ്മയുടെ കണ്ണ് കണ്ടപോയെ എന്റെ മനസ്സിൽ ബോധ്യമായി. ഞാൻ പതിയെ അമ്മയോട് ചേർന്നിരുന്നു. അമ്മ യൂട്ട് ഏറ്റുകിടക്കുമ്പോഴേക്കും ചേർത്തുപിടിച്ച് അമ്മ കരഞ്ഞു. എന്നിട്ട് എന്നോട് പറഞ്ഞു. “മോളെ നീ നിന്റെ അമ്മൂമയുടെ അടുത്തേക്ക് പൊന്നോ, ഇവിടെ നിന്നാൽ നിന്റെ പ്രാണൻ പിടയും. അമ്മ എന്റെ സാധനങ്ങളെല്ലാം എടുത്ത് പൊകാനൊരുങ്ങി. ഞാൻ സമ്മതിച്ചില്ലാ. എന്നിട്ടും അമ്മ എന്നെ പിടിച്ച് കൊണ്ട് പോയി. ഞാൻ എന്റെ മനസ്സ് അവിടെ എന്റെ വീട്ടിൽ വെച്ച് വന്നു.അറിയില്ലാ എന്തെന്ന് എന്തിനാണെന്ന്, അങ്ങനെയുള്ള പല ചോദ്യങ്ങൾക്കുള്ള ഉത്തരമില്ലാതെ. അമ്മ ദിവസവും എവന്നെ കാണാൻ വന്നിരുന്നു. ഒരോദിവസവും അമ്മയുടെ ദേഹത്തിലെ പാടുകൾ വർധിച്ച് കൊണ്ടിരുന്നു. അമ്മൂമ എന്നെ നല്ല രീതിയിൽ പരിചരിച്ചിരുന്നു.

എന്നാലും എനിക്ക് എന്റെ അമ്മയുടെ അസാന്നിധ്യം എന്നെ വിഷമത്തിന് വിധേയമാക്കി. ഒരു ദിവസം അമ്മെ എന്നെ കാണാനായി വന്നപ്പോൾ അമ്മയുടെ കയ്യിൽ ഒരു വലിയ പാട് ഉണ്ടായിരുന്നു. ഞാനത് കണ്ടതും അമ്മയോട് ചോദിച്ചു, അമ്മ അതിൽ നിന്ന് പിന്മാറാനായി ഒരോകാരണം പറഞ്ഞ് അമ്മൂമയുടെ അടുത്തെക്ക് ചെന്നു. അമ്മെ ഈ മുറിയോന്ന് കെട്ടിത്താ. വേഗം തൊഴിലുറപ്പിന് പോകണം. ഇപ്പോഴെ വൈകി അമ്മൂമ ഇത് എന്ത് പറ്റിയതാണെന്ന് ചോദിച്ചുവെങ്കിലും അമ്മ മൗനത്താൽ സ്ഥിരമായി. അങ്ങനെ ദിവസവും ഒരോന്ന് ഒരോന്നായി. ഒരിക്കൽ അമ്മൂമ ഞാൻ സ്ക്രൂളിൽ നിന്ന് വന്നപ്പോഴെ പറഞ്ഞു. “മോളെ വേഗം പോയി തുണിമാറ്റ് നമുക്ക് ഒരിടം വരെ പോകണം"പതിവിലും വ്യത്യസ്ഥമാവതിനാൽ ഞാൻ എന്തൊ ഒന്ന് അതിൽ ഉണ്ടെന്ന് ഗ്രഹിച്ചു. ഞാൻ മാറ്റി ഇറങ്ങിയപ്പോൾ അമ്മൂമ വേവലാതിയിലിരികുന്നു